പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ നിരവധി പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടിരിക്കുകയുമാണ്. മുളക്കുടം ജംഗ്ഷൻമുതൽ വാടിവരെയുള്ള റോഡ് വികസനത്തിനായി 2009-ലാണ് നാല് കോടി രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിരുന്നത്. എന്നാൽ റോഡ് പണി ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. സ്ഥലം കിട്ടിയില്ല എന്നുള്ളതാണ് [illegible]. 2014-ൽ ഒരു കോടി 14 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനോടനുബന്ധിച്ചുള്ള വൃക്ഷങ്ങളുടെ വില, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്, കെട്ടിടങ്ങളുടെ വില എന്നിവയ്ക്കായി 37.65 ലക്ഷം രൂപകൂടി 2015 ഫെബ്രുവരിയിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 4 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ആദ്യഅവസരത്തിൽത്തന്നെ കൊടുക്കുന്നതായിരിക്കും.

21. അങ്കമാലി ബൈപ്പാസ് റോഡും ശ്രീ ശങ്കരാചാര്യ സമാന്തര പാലം നിർമ്മാണവും

ശ്രീ. ജോസ് തെറ്റയിൽ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് റോഡ്, കാലടി പാലം എന്നിവ സംബന്ധിച്ച എന്റെ നാലാമത്തെ സബ്മിഷനാണിത്. അങ്കമാലി ബൈപ്പാസ് റോഡിനെക്കുറിച്ച് 2012-ൽ തീരുമാനിച്ചകാര്യങ്ങൾ ഇതുവരെ ഒന്നും മുന്നോട്ടുപോയിട്ടില്ല. ഇതുസംബന്ധമായ ചർച്ചകളിലും ബഡ്ജറ്റ് ചർച്ചകളിലും പങ്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഇക്കാര്യം ധരിപ്പിച്ചതുമാണ്.

കാലടി ശ്രീശങ്കര പാലത്തിന്റെ പ്രവൃത്തി മൂന്നര വർഷമായിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനായി 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സ്വാഗതാർഹമായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇക്കാര്യങ്ങൾക്ക് അദ്ദേഹത്തിന് വളരെ ഉറന്ന മനസ്സാണുള്ളത്. പക്ഷേ ഈ ഗവൺമെന്റിൽത്തന്നെ ചില വ്യക്തിപരമായ സ്വാധീനവും ബന്ധവുമൊക്കെയുള്ള ആളുകൾ അതിനെ തടസ്സപ്പെടുത്തിയതുകൊണ്ട് മൂന്ന് കൊല്ലം നഷ്ടപ്പെട്ടു എന്നത് വസ്തുതയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ഞാൻ 2014-ൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറയുന്നത്, 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് അലൈൻമെന്റ് പുതുക്കി നിശ്ചയിച്ച്, പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടി ആരംഭിക്കാമെന്നാണ്. എന്നാൽ ഒന്നും നടന്നിട്ടില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത യോഗതീരുമാനംപോലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതാണ് സ്ഥിതി. അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രശ്നംമാത്രമല്ല, മധ്യകേരളത്തിന്റെകൂടി പ്രശ്നമാണിത്. അതുപോലെതന്നെയാണ് അങ്കമാലി ബൈപ്പാസ് റോഡിന്റെ കാര്യവും. നെടുമ്പാശ്ശേരി എയർപോർട്ടിൽ പോകുന്ന ആളുകളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന അങ്കമാലി-തിരുവനന്തപുരം എൻ.എച്ച്. 47-ന്റെ പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചില്ലെങ്കിൽ മദ്ധ്യകേരളത്തിലൂടെ കടന്നുപോകുന്ന ആളുകൾക്കും എയർപോർട്ടിലേയ്ക്ക് പോകുന്ന ആളുകൾക്കും ബുദ്ധിമുട്ടുണ്ടാകുന്നതാണ്. ശബരിമല സീസണിലാണ് ഏറ്റവും കൂടുതൽ പ്രശ്നമുണ്ടാകുന്നത്. ആ റോഡ് പൊട്ടിപ്പൊളിഞ്ഞപ്പോഴാണ് കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചുചേർത്തത്. ആ യോഗ തീരുമാനപ്രകാരവും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യേണ്ട കാര്യമാണ്. എങ്കിൽത്തന്നെയും ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് അങ്കമാലി ബൈപ്പാസ് റോഡിന്റെയും കാലടി ശ്രീശങ്കരാ പാലത്തിന്റെയുംകാര്യത്തിൽ എത്രയും വേഗം യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം പി.പി.പി. മാതൃകയിൽ നടപ്പാക്കുന്നതിന് ആർ.ബി.ഡി.സി. മുഖാന്തിരം കിറ്റ്കോ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ട് അനുസരിച്ച് ഇതിന്റെ ഒന്നാം ഘട്ടമായ കരയാമ്പറമ്പ് മുതൽ റെയിൽവേ സ്റ്റേഷൻ വരെയുള്ള 3.2 കി.മീ. നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ചെലവ് കൂടാതെ 257 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. ഇതുസംബന്ധിച്ച് 2-7-2014-ൽ കൂടിയ യോഗത്തിൽ, പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതിന് സ്ഥലം വിട്ടുതരുന്ന ഭൂവുടമകൾക്ക് ബാക്കിവരുന്ന ഭൂമിയിൽ ചില ആനുകൂല്യങ്ങൾ നൽകുവാനും വികസിപ്പിച്ചെടുക്കുന്നതിനുള്ള സ്ഥലത്തിന്റെ ഒരു ഭാഗം അവർക്ക് വിട്ടുനൽകാനുമുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുന്നു. അവർക്കുകൂടി ആ ആനുകൂല്യങ്ങൾ നൽകി, അങ്ങയുടെ നിർദ്ദേശപ്രകാരം പുതിയ മോഡലിനാണ് ഗവൺമെന്റ് രൂപം നൽകിക്കൊണ്ടിരിക്കുന്നത്. കിറ്റ്കോയുടെ റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീശങ്കര പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 42 കോടി രൂപയുള്ള ഭരണാനുമതി 2012-ൽ നൽകിയിരുന്നു. എന്നാൽ അലൈൻമെന്റിന്റെ തർക്കങ്ങൾ കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കാലടി ഠൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽനിന്ന് നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് ചേരുവാൻ തക്കവണ്ണം അലൈൻമെന്റ് പുനഃക്രമീകരിക്കുവാൻ തീരുമാനമുണ്ട്. അങ്ങ് അത് സ്വാഗതം ചെയ്തതാണ്. അതിന്റെ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർവ്വേ നടത്തി അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 75 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉടൻതന്നെ അലൈൻമെന്റ് അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ഒരു യോഗം ആവശ്യമാണെങ്കിൽ ഉടൻതന്നെ വിളിച്ചുചേർക്കുന്നതാണ്. ആ യോഗത്തിൽ എം.എൽ.എ.മാരെക്കൂടി ഉൾപ്പെടുത്തുന്നതായിരിക്കും.

22. ആദിവാസി കുട്ടികൾക്ക് സംരക്ഷണം

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ 1.1 ശതമാനമുള്ള ആദിവാസി സമൂഹം കാലം കഴിയുംതോറും കൂടുതൽ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സമഗ്ര മേഖലകളിലും നമ്മൾ മുന്നോട്ട് കുതിക്കുമ്പോൾ ആരോഗ്യ-വിദ്യാഭ്യാസ-സാമ്പത്തിക രംഗങ്ങളിലെല്ലാം ഇന്ന് ആദിവാസി സമൂഹം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. വിദ്യാഭ്യാസം ഇന്ന് അവകാശമാണ്. എന്നിട്ടും ആദിവാസി കുട്ടികളിൽ നല്ലൊരുവിഭാഗം ഇപ്പോഴും സ്കൂളിൽ പോകുന്നില്ല. പല കോളനികളിലും കുട്ടികളുടെ പേര് സ്കൂൾ രജിസ്റ്ററിലുണ്ട്. പക്ഷേ അദ്ധ്യയന വർഷാരംഭത്തിൽ കുറച്ചുദിവസം സ്കൂളിൽ പോയി കുട്ടികൾ പഠനം നിർത്തുകയാണ് പതിവ്. ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ടവർ എന്റെ നാടിനടുത്താണ് താമസിക്കുന്നത്. അവിടെ നാൽപ്പതോളം കുട്ടികളുണ്ടെങ്കിലും അവരാരുംതന്നെ സ്കൂളിൽ പോകുന്നില്ല. അതുപോലെ ചെറിയ കുട്ടികൾപോലും മദ്യത്തിനും മയക്കുമരുന്നിനും കീഴടങ്ങുന്നുവെന്നാണ് കഴിഞ്ഞ നാല് ദിവസമായി മലയാള മനോരമ ന്യൂസ് ചാനൽ ദൃശ്യമുൾപ്പെടെ വാർത്ത സംപ്രേക്ഷണം ചെയ്തത്. കോടഞ്ചേരിയിലെ ചെമ്പുകടവ് ആദിവാസി കോളനിയിൽ 11 വയസ്സുകാരൻപോലും മദ്യപിക്കുന്ന ദൃശ്യങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. അതുപോലെ വീടിനുള്ളിൽ കലത്തിൽ പരസ്യമായി വയ്ക്കുന്ന മദ്യം സേവിക്കുന്നത് തെറ്റാണെന്നുപോലും ഈ